06.12.2009

വി.ജെ.റ്റി. ഹാൾ, തിരുവനന്തപുരം

# സമുദായദിനം

ആർച്ച് ബിഷപ്പ് സൂസപാക്യം എം.

കേരളത്തിലെ ഇരുപതുലക്ഷത്തോളം വരുന്ന ലത്തീൻ കത്തോലിക്കർ ഇന്നു സമുദായദിനം ആചരിക്കുകയാണല്ലോ. പ്രത്യേകിച്ചും ഈ അടുത്ത കാലത്ത് കെ.ആർ.എൽ.സി.സി.യുടെ ആഭിമുഖ്യത്തിൽ ലത്തീൻ കത്തോലിക്കരെ സംഘടിപ്പിക്കുവാനും ശക്തരാക്കുവാനുമുള്ള സംരംഭങ്ങൾ നടന്നു വരുകയാണ്. ചില നല്ല ഉദ്ദേശലക്ഷ്യങ്ങളോടുകൂടിയാണ് നാം ഈ സംരംഭങ്ങൾക്ക് തുനിയുന്നത്. സർവ്വ പ്രധാനമായി ലത്തീൻ കത്തോലിക്കരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും സമുദായത്തിന്റെ കഴിവുകളെ സമൂഹത്തിന്റെ നന്മയ്ക്കായി സമർപ്പിക്കുകയും ചെയ്യുകയാണ് ഇതിന്റെ പിന്നിലുള്ള ലക്ഷ്യം.

സഭാമേലദ്ധ്യക്ഷനെന്ന നിലയിൽ അല്പം ഭയത്തോടും സങ്കോചത്തോടുംകൂടിയാണ് സാമുദായികമായ ഇത്തരം സംരംഭങ്ങളിൽ ഞാൻ പങ്കുചേരുന്നതെന്ന് പലവട്ടം പറഞ്ഞിട്ടുള്ളതാണല്ലോ. ജാതി മത വർഗ്ഗ വർണ്ണ ഭേദമന്യേ എല്ലാവരെയും ക്രിസ്തുവിന്റെ സ്നേഹത്തിൽ ഒന്നിപ്പിക്കുവാൻ നിയോഗിക്കപ്പെട്ട എന്നെപ്പോലെയുള്ളവർ ഒരു സമുദായത്തെ സംഘടിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും ശ്രമിക്കുമ്പോൾ അതിനെ വർഗ്ഗീയതയായും വിഭാഗികതയായും ക്രിസ്തീയ മൂല്യങ്ങളിൽ നിന്നുമുള്ള വ്യതിചലനമായും വ്യാഖ്യാനിക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് ഇങ്ങനെയുള്ള അവസരങ്ങളിൽ ഞാൻ എപ്പോഴും എന്റെ നിലപാടു വ്യക്തമാക്കാൻ ശ്രമിക്കുന്നത്.

പ്രധാനമായും തിരുവനന്തപുരം അതിരൂപതയുടെ വിശുദ്ധീകരണമാണ് സഭ എന്നെയും നിങ്ങളെയും ഭരമേല്പിച്ചിരിക്കുന്നത്. ഈ വിശുദ്ധീകരണം ആദ്ധ്യാത്മികമായ ഒരു തലത്തിൽ ഒതുക്കി നിറുത്താവുന്ന ഒന്നല്ല. ഭൗതികമായ എല്ലാ തലങ്ങളും കടന്നുചെന്ന് അവയൊക്കെ വിശുദ്ധീകരിക്കാൻ നമുക്കു സാധിക്കണം. ആദ്ധ്യാത്മികവും ഭൗതികവുമായ തലങ്ങൾ ഇപ്രകാരം അവിഭാജ്യമായ രീതിയിൽ ബന്ധപ്പെട്ടു നിൽക്കുമ്പോൾ ഭൗതികതലങ്ങളെ സ്പർശിക്കാതെ ആദ്ധ്യാത്മികമായ ഒരു വിശുദ്ധീകരണത്തെക്കുറിച്ചുമാത്രം വിഭാവനചെയ്യാൻ സാധിക്കുകയില്ല.

ഒരു വിധത്തിലുമുള്ള സങ്കുചിതമായ മനോഭാവത്തോടുകൂടിയല്ല, പിന്നെയോ യേശുവിന്റെയും അപ്പോസ്തലന്മാരുടെയും വിശാലമനോഭാവത്തോടു കൂടിത്തന്നെയാണ് നാം ലത്തീൻ സമുദായത്തെ സംഘടിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും ശ്രമിക്കുന്നത്. സാർവ്വത്രിക സഭയെയും അതുപോലെത്തന്നെ നമ്മുടെ മാതൃരാജ്യത്തെയും ഒരു ശരീരമായിട്ടാണ് നാം കാണുന്നത്. ശരീരത്തിലെ ഒരു അവയവം ബലഹീനമാകുമ്പോൾ എല്ലാ അവയവങ്ങളും അതിനെ ശക്തിപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്. ശരീരത്തിലെ ഒരു അവയവത്തിന്റെ നേട്ടങ്ങൾ എല്ലാ അവയവങ്ങൾക്കും പ്രയോജനപ്പെടുന്നു. ഇതുപോലെ ലത്തീൻ സമുദായം സംഘടിക്കുന്നതും ശക്തിപ്രാപിക്കുന്നതും മറ്റു സമുദായങ്ങളെയും വിഭാഗങ്ങളെയും ഭിന്നിപ്പിക്കാനും തളർത്തുവാനുമല്ല; പിന്നെയോ മറ്റുള്ളവരുടെ സഹായത്തോടെ ശക്തിപ്രാപിച്ചുകൊണ്ട് മറ്റുള്ളവരെയും സാർവ്വത്രിക സഭയെയും മാതൃരാജ്യത്തെയും ശക്തമാക്കുവാനാണ്. സാർവ്വത്രിക

സഭയെക്കുറിച്ചും നമ്മുടെ മാതൃരാജ്യത്തെക്കുറിച്ചുമുള്ള ഈ വിശാലമനോഭാവം കാത്തു സൂക്ഷിക്കുന്നിടത്തോളം കാലം വർഗ്ഗീയതയെക്കുറിച്ചോ, വിഭാഗീകതയെക്കുറിച്ചോ നാം ഭയപ്പെടേണ്ട ആവശ്യമില്ല.

കഴിഞ്ഞ ഞായറാഴ്ച ഒരു സമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കേണ്ടിവന്നപ്പോൾ ഞാൻ സുപ്രസിദ്ധ ക്രിക്കറ്റുതാരം സച്ചിൻ തെണ്ടുൽക്കറിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ക്രിക്കറ്റുകളിയിൽ വലിയ താല്പര്യമൊന്നുമില്ലാത്ത ചുരുക്കം ചിലരിലൊരാളാണ് ഞാൻ. പിച്ച്, വിക്കറ്റ്, റൺസ്, ഓവർ, സെഞ്ച്വറി, മാൻ ഓഫ് ദി മാച്ച് എന്നൊക്കെപ്പറഞ്ഞാൽ എനിക്കു വലിയ പിടിത്തമൊന്നും കിട്ടുകയില്ല. നിങ്ങളെപ്പോലെ കാലത്തിനൊത്തു പുരോഗമിക്കാൻ സാധിക്കാത്തത് എന്റെ ഒരു കുറവുതന്നെയാണ്. എങ്കിലും ക്രിക്കറ്റുതാരം സച്ചിൻ തെണ്ടുൽക്കറിനോട് എനിക്കു വലിയ മതിപ്പുതോന്നുന്നു. അതിനു കാരണം കഴിഞ്ഞ ഇരുപതുകൊല്ലങ്ങളിലായി അദ്ദേഹം സ്വന്തമാക്കിയ ലോകറെക്കാർഡുകളല്ല, പിന്നെയോ ഈയിടയ്ക്ക് അദ്ദേഹം ചെയ്ത ഈ പ്രസ്താവനയാണ്: ''Mumbai belongs to India, that's how I look at it. And I am a Maharashtrian and I am extremely proud of that. But I am an Indian.'' ''മുംബൈ ഇന്ത്യയുടേതാണ് ...... ഞാനൊരു മഹാരാഷ്ട്രക്കാരനാണ്. അതിൽ ഞാൻ അങ്ങേയറ്റം അഭിമാനിക്കുന്നു. എന്നാൽ അതിനെക്കാളുപരി ഞാൻ ഒരു ഇന്ത്യാക്കാരനാണ്''. പ്രാദേശിക വികാരങ്ങൾക്ക് ഒരു കോട്ടവും വരുത്താതെ തന്നെ ദേശീയവികാരം ജ്വലിപ്പിക്കുന്ന ഒരു പ്രസ്താവനയായിരുന്നു ഇത്. സച്ചിൻ ഇന്ത്യയെക്കുറിച്ച് പറഞ്ഞത് എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പ് മനുഷ്യരാശിയെക്കുറിച്ചും സാർവ്വത്രിക സഭയെക്കുറിച്ചും പറഞ്ഞുതുടങ്ങിയവരാണ് നാം. തിരുവനന്തപുരം അതിരൂപതയുടെ ലത്തീൻ കത്തോലിക്കാ സഭയുടെ അംഗങ്ങളായിരിക്കുന്നതിൽ അഭിമാനിക്കുന്നവരായിരിക്കണം നാം. അതേസമയം തന്നെ ഈ അഭിമാനവും സന്തോഷവും സാർവ്വത്രിക സഭയുടെ എല്ലാ അംഗങ്ങളുമായുള്ള നമ്മുടെ കൂട്ടായ്മ സജീവമാക്കാനും എല്ലാ മനുഷ്യരെയും ദൈവസ്നേഹത്തിൽ ഒന്നിപ്പിക്കുവാനും ഉപകരിക്കുന്നതായിരിക്കണം.

സച്ചിൻ തെണ്ടുൽക്കറിന്റെ പ്രസ്താവന പുറത്തു വന്നപ്പോൾ ബാൽതാക്കറയെപ്പോലുള്ള ചുരുക്കം ചിലരൊഴിച്ച് എല്ലാവരും സച്ചിനെ വാനോളം പുകഴ്ത്തി. എന്നാൽ ഇവരിൽ പലരും അദ്ദേഹത്തിന്റെ പ്രസ്താവനയിലെ ഒരു ഭാഗം വേണ്ടവിധത്തിൽ ശ്രദ്ധിച്ചില്ലെന്നുതോന്നുന്നു. അതായത് ഞാനൊരു മഹാരാഷ്ട്രക്കാരനായിരിക്കുന്നതിൽ അങ്ങേയറ്റം അഭിമാനിക്കുന്നു എന്ന് സച്ചിൻ പറഞ്ഞു. ഇതിനെ വർഗ്ഗീയതയായും വിഭാഗിയതയായും ദേശീയതാല്പര്യത്തിനു നിരക്കാത്ത സങ്കുചിത മനോഭാവമായും ആരും വ്യാഖ്യാനിക്കുന്നത് കണ്ടില്ല. എന്നാൽ ഇതുപോലൊരു പ്രസ്താവന ഈ അടുത്ത കാലത്ത് കാക്കനാട് സെന്റ് തോമസ് ഗ്രൗണ്ടിൽവച്ചു നടന്ന അല്മായ സമ്മേളനത്തിൽ സുപ്രീംകോടതി ജസ്റ്റിസ് സിറിയക്ക് ജോസഫ് പറഞ്ഞപ്പോൾ സച്ചിനെ വാനോളം പുകഴ്ത്തിയവർതന്നെ കലികൊണ്ടു തുള്ളുകയാണ് ചെയ്തത്. ജസ്റ്റിസ് സിറിയക്ക് ജോസഫ് പറഞ്ഞതിതാണ്: ''എനിക്കു സഭയോടുണ്ടായിരുന്ന സ്നേഹത്തിനും കൂറിനും ഒരു കുറവും സംഭവിച്ചിട്ടില്ല. ഔദ്യോഗികമായ സ്ഥാനമാനങ്ങളുടെ പറയ്ക്കു കീഴിൽ കമഴ്ത്തിവയ്ക്കേണ്ടതാണ് സഭയോടുള്ള കൂറ് എന്നെനിക്കു തോന്നിയിട്ടില്ല''.

ഭരണഘടനയോട് അങ്ങേയറ്റത്തെ വിശ്വസ്തത കാണിക്കുന്ന ഒരു വ്യക്തിയാണ് ജസ്റ്റിസ് സിറിയക്ക് ജോസഫ്. വിവിധ ഭാഷകളെയും മതങ്ങളെയും സംസ്കാരങ്ങളെയും ആദരിക്കുന്ന ഒരു ഭരണഘടനയാണിത്. നമ്മുടെ ഭരണഘടനയും ഭാരതത്തിലെ ഭൂരിപക്ഷ സമുദായങ്ങളും ന്യൂനപക്ഷങ്ങളോടു കാണിക്കുന്ന വിശാല മനോഭാവത്തെയും സഹിഷ്ണുതയെയും നല്ല

മനസ്സിനെയും അംഗീകരിക്കണമെന്നും വിലമതിക്കണമെന്നും എല്ലാവരും ഒത്തൊരുമിച്ച് നാടിന്റെ സുസ്ഥിതിയ്ക്കായി പ്രവർത്തിക്കണമെന്നും ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെടുന്ന ഒരു വ്യക്തിയാണ് ജസ്റ്റിസ് സിറിയക്ക് ജോസഫ്. അങ്ങനെയുള്ള ഒരു വ്യക്തി സഭയോടും സമുദായത്തോടുമുള്ള തന്റെ സ്നേഹം പരസ്യമായി പ്രഖ്യാപിക്കരുതെന്ന് പറയുന്നത് ഭരണഘടനയുടെ അരൂപിക്ക് നിരക്കുന്നതല്ലെന്നുമാത്രമല്ല, അതു കടുത്ത അനീതികൂടിയാണ്. സാമൂഹ്യ രാഷ്ട്രീയ തലങ്ങളിൽ ഉന്നതസ്ഥാനം വഹിക്കുന്ന പലരും തിരുമുടിക്കെട്ടുമായി ശബരിമലയിലേക്ക് പോകുന്നതു തെറ്റാണെന്ന് നാമാരും പറയുന്നില്ല. ദൈവ വിശ്വാസികളായ അവരെ നാം ആദരിക്കുകയും ബഹുമാനിക്കുകയുമാണ് ചെയ്യുന്നത്. സ്വന്തം വിശ്വാസങ്ങളും സമുദായത്തോടുള്ള സ്നേഹവും പറയുടെ കീഴിൽ കമിഴ്ത്തിവയ്ക്കാനുള്ളതല്ല. നാനാത്വത്തിൽ ഏകത്വമാണ് ഭാരതത്തിന്റെ സവിശേഷത. ഓരോ വിഭാഗവും തനതായ വിശ്വാസങ്ങളെയും മൂല്യങ്ങളെയും ശക്തിപ്പെടുത്തുന്നതിലൂടെ സംജാതമാകുന്ന ഒരു പുരോഗതിയാണ് ഭാരതം വിഭാവന ചെയ്യുന്നത്.

ഇത്രയും ഞാൻ പറഞ്ഞത് ലത്തീൻ സമുദായത്തെ സ്നേഹിക്കുന്നതും ഈ സമുദായത്തിന്റെ അംഗമായിരിക്കുന്നതിൽ അഭിമാനിക്കുന്നതും ഈ സമുദായത്തിന്റെ പുരോഗതിയ്ക്കായി പ്രവർത്തിക്കുന്നതും ഒരിക്കലും ഒരു കുറവല്ലെന്നു സൂചിപ്പിക്കുവാനാണ്. Charity begins at home എന്നൊരു ചൊല്ലുണ്ടല്ലോ. അതായത് സ്നേഹം സ്വന്തം ഭവനത്തിൽ ആരംഭിക്കുന്നു. സ്വന്തമായിട്ടുള്ളവരെ അവഗണിക്കുന്നവൻ മറ്റാരെയെങ്കിലും ഉൾക്കൊള്ളുമെന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്.

നിർഭാഗ്യവശാൽ ഇന്ന് ലത്തീൻ സമുദായത്തിലെ പല അംഗങ്ങൾ തന്നെയും ഈ സമുദായത്തോട് ഒരു പുച്ഛമനോഭാവമാണ് വച്ചു പുലർത്തുന്നത്. അല്പം വിദ്യാഭ്യാസം സാമാന്യം നല്ലൊരു ജോലിയും കുറെയൊക്കെ സാമ്പത്തിക ഭദ്രതയും നേടിക്കഴിഞ്ഞാൽ സമുദായത്തിൽ നിന്ന് അകന്നു നിൽക്കുക മാത്രമല്ല, സമുദായാംഗമെന്നു പറയുന്നതിനുപോലും ലജ്ജിക്കുന്ന ധാരാളം പേരുണ്ട്. ചില രാഷ്ട്രീയ പ്രവർത്തകരുടെ കാര്യമാണ് അതിലും കഷ്ടം. സ്വന്തം സമുദായത്തോടു കൂറുകാണിച്ചാൽ മറ്റു സമുദായങ്ങളൊക്കെ ഇവരെ കൈവിട്ടുകളയുമെന്നാണ് ഇവരുടെ ഭയം. അർഹിക്കാത്ത ഒന്നും സ്വന്തം സമുദായത്തിനുവേണ്ടി ചെയ്യണമെന്ന് നാം ഇവരോട് ആവശ്യപ്പെടുന്നില്ല. സ്വന്തം സമുദായത്തോട് പക്ഷപാതം കാട്ടുന്നുവെന്ന ധാരണയും ഇവർ മറ്റുള്ളവർക്ക് നല്കരുത്. ജനപ്രതിനിധികളെന്ന നിലയിൽ എല്ലാവരുടെയും ക്ഷേമത്തിനായിട്ടായിരിക്കണം ഇവർ പ്രവർത്തിക്കേണ്ടത്. എങ്കിലും വന്ന വഴികൾ ഇവർ മറന്നുപോകരുത്. ജസ്റ്റിസ് സിറിയക്ക് ജോസഫ് പറഞ്ഞതുപോലെ സഭയോടും സമുദായത്തോടുമുള്ള ബന്ധവും സ്നേഹവും സ്ഥാനമാനങ്ങളാകുന്ന പറയ്ക്കുകീഴിൽ കമിഴ്ത്തിവയ്ക്കാനുള്ളതല്ല. പണ്ടൊരു ഫ്രഞ്ചു രാജാവ് ''ഞാനാണു സാമ്രാജ്യം'' എന്നു പറഞ്ഞതുപോലെ ''ഞാനാണു സമുദായം'' എന്നു കരുതുന്ന രാഷ്ട്രീയപ്രവർത്തകരും ഇല്ലാതില്ല. കുറെയൊക്കെ രാഷ്ട്രീയസ്വാധീനം കൈവരിച്ചു കഴിഞ്ഞാൽ സമുദായത്തെ ഇഷ്ടംപോലെയിട്ടു പന്താടാമെന്നും വട്ടംകറക്കാമെന്നും വിചാരിക്കുന്ന ഇക്കൂട്ടരെ ഇന്നല്ലെങ്കിൽ നാളെ നല്ല പാഠങ്ങൾ പഠിപ്പിക്കാൻ സമുദായത്തിനു കഴിയണം.

പഞ്ചായത്ത് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണല്ലോ ഈ അടുത്ത കാലത്തായി നമ്മുടെ ചിന്താവിഷയം. ഇന്നത്തെ ഈ സമുദായദിനാഘോഷങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കെ.എൽ.സി.എ യും അവരോടു സഹകരിക്കുന്ന മത്സ്യത്തൊഴിലാളി ഫോറം,

വനിതാവേദി, ഡി.സി.എം.എസ്., കെ.സി.വൈ.എം തുടങ്ങിയ സംഘടനകളും വിചാരിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നമ്മുടെ സജീവമായ പങ്കാളിത്തം ഉറപ്പിക്കാനും ചരിത്രം സൃഷ്ടിക്കാനും നമുക്കു സാധിക്കും. ഇതോടനുബന്ധിച്ച ചില കർമ്മ പരിപാടികൾ കഴിഞ്ഞ ഞായറാഴ്ച നമ്മുടെ ദേവാലയങ്ങളിൽ വായിച്ച ഇടയലേഖനത്തിൽ ഉൾക്കൊള്ളിച്ചിരുന്നത് നിങ്ങളെല്ലാം ഓർമ്മിക്കുമല്ലോ.

- മൂന്നു മാസത്തിലൊരിക്കൽ ചേരുന്ന ഗ്രാമ - വാർഡു സഭകളുടെ സമ്മേളനങ്ങളിൽ എത്രത്തോളം പേരെ പങ്കെടുപ്പിക്കാമോ അത്രത്തോളം അംഗങ്ങളെ പങ്കെടുപ്പിക്കാൻ നാം ശ്രമിക്കണം. ഇതിനായി ബി.സി.സി. ഇടവക തലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് അവയിലൂടെ ഗ്രാമ/വാർഡുതല യോഗങ്ങളെക്കുറിച്ചും അതിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളെക്കുറിച്ചും ഉന്നയിക്കേ പ്രശ്നങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ കാലേക്കൂട്ടിത്തന്നെ ജനങ്ങളെ അറിയിക്കണം. ഇങ്ങനെ വ്യക്തമായ ധാരണകളോടുകൂടി ഗ്രാമ-വാർഡു സമ്മേളനങ്ങളിൽ സംബന്ധിക്കുകയാണെങ്കിൽ ഓരോ പ്രദേശത്തിന്റെയും പുരോഗതിയ്ക്കാവശ്യമായ കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കർമ്മപരിപാടികളിലുൾപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കും.

- ഇങ്ങനെ വിവരങ്ങൾ ശേഖരിച്ച് ബി. സി. സി. അംഗങ്ങളെയും ഇടവക ജനങ്ങളെയും അറിയിക്കുവാനും ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാനും ഓരോ ഇടവകയിൽ നിന്നും രണ്ടുപേരെയെങ്കിലും പരിശീലിപ്പിച്ചെടുക്കണം.

- തദ്ദേശഭരണകൂടത്തിലെ ജനകീയ സമിതികളിൽ കാര്യക്ഷമമായി പങ്കെടുക്കുവാനും ഇടപെടലുകൾ നടത്താനും കഴിവും മനസ്സുമുള്ളവരെ കണ്ടെത്തണം.

- സജീവമായ ജനപങ്കാളിത്തത്തിന്റെ അഭാവത്തിനുപുറമെ കക്ഷിരാഷ്ട്രീയത്തിന്റെ ഇടപെടലുകളും നിയന്ത്രണങ്ങളും കൂച്ചുവിലങ്ങുകളുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നത്. മനഃസാക്ഷിക്കും സ്ഥലകാല വ്യത്യാസങ്ങൾക്കുമനുസൃതമായി ഇഷ്ടമുള്ള പാർട്ടിയിൽ അംഗങ്ങളാകുന്നത് ഓരോരുത്തരുടെയും കാര്യം. എന്നാൽ കക്ഷിരാഷ്ട്രീയത്തിനതീതമായി സമുദായത്തിന്റെയും ഓരോ പ്രദേശത്തിന്റെയും ന്യായമായ വികസനത്തിനു പ്രാധാന്യം നല്കുന്ന ദീർഘവീക്ഷണവും കാര്യപ്രാപ്തിയും പ്രതിബദ്ധതയും ദീർഘവീക്ഷണവുമുള്ളവരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും അവർക്കു മാർഗ്ഗ നിർദ്ദേശം നല്കാനും സമുദായത്തിനു കഴിയണം.

കെ.എൽ.സി.എ. പോലുള്ള അല്മായ സംഘടനകൾക്ക് മേല്പ്പറഞ്ഞ കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിൽ ക്രിയാത്മകമായ പ്രോത്സാഹനവും നേതൃത്വവും മാർഗ്ഗ നിർദ്ദേശവും നല്കാൻ സാധിക്കും. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നമുക്കു പ്രവർത്തനം ആരംഭിക്കാം. അടുത്തകൊല്ലം വീണ്ടുമൊരു സമുദായദിനമാചരിക്കുമ്പോൾ ഈ തലങ്ങളിലെല്ലാം നമുക്കു കൈവരിക്കുവാൻ സാധിച്ച നിരവധി നേട്ടങ്ങളുടെ ഒരു റിപ്പോർട്ട് അവതരിപ്പിക്കാൻ നിങ്ങൾക്കു കഴിയട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഒരിക്കൽക്കൂടി സമുദായ ദിനത്തിന്റെ ഭാവുകങ്ങൾ നേർന്നുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.